# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 377 | 23.01.2018 — ൽ മറുപടിക്ക്

## സംസ്ഥാനത്തെ റേഷൻകടകളിൽ ഇ-പോസ് യന്ത്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ<br>,, ടി. വി. ഇബ്രാഹിം<br>,, പി.ബി. അബ്ദുൽ റസ്സാക്ക്<br>,, അബ്ദുൽ ഹമീദ് പി. : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ റേഷൻ കടകളിൽ ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഭക്ഷ്യ ഭദ്രതാനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി 06.01.2018 മുതൽ പൈലറ്റ് പ്രോജക്ടായി കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് യന്ത്രം സ്ഥാപിച്ച് വിതരണം നടത്തിവരുന്നു. 31.03.2018-ന് മുമ്പ് എല്ലാ കടകളിലും ഇ-പോസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | യന്ത്രങ്ങൾ സ്ഥാപിക്കുന്നതോടനുബന്ധിച്ച് റേഷൻകട നടത്തുന്നവർക്ക് പ്രതിഫല പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇ-പോസ് യന്ത്രങ്ങൾ ലഭിക്കുന്നതിന് എത്ര ക്വിന്റൽ ഭക്ഷ്യ ധാന്യം വിൽക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ റേഷൻകടക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അത്തരത്തിലുള്ള യാതൊരു നിർദ്ദേശവും നിലവിലില്ല. |

*സെക്ഷൻ ഓഫീസർ*